മാധ്യമം
2009
ഒക്ടോബർ
13 ചൊവ്വ

കൊടിയത്തൂർ തെയ്യത്തുംകടവ് പാലം ശിലാസ്ഥാപനത്തോടനുബന്ധിച്ച് മാധ്യമം പ്രസിദ്ധീകരിക്കുന്ന പ്രത്യേക പതിപ്പ്

# ഇരുകരയിണക്കം

അപ്പോൾ മനസ്സ് വല്ലാതെ മുട്ടിവിളിക്കും: 'പടച്ചോനേ... ഇക്കരയിൽ നിന്ന് നീ അക്കരയിലേക്കൊരു പാലം നീട്ടിത്തരണേ' എന്ന്...

## സ്വപ്നപ്പാലം

❖കെ.എ. സൈഫുദ്ദീൻ

ഇരുകരകളുടെയും സ്വപ്നങ്ങൾക്കു മീതെ എപ്പോഴാണ് ഒരു പാലം ഉയർന്നുവരുന്നത്?

ജീവിതങ്ങൾക്കു വേഗം കൂടുമ്പോൾ നാട്ടിടവഴിയുടെ അങ്ങേത്തലക്കൽനിന്ന് പുഴയിറമ്പിൽവരെയെത്തി അന്തം വിട്ട് നിൽക്കുന്ന റോഡിനെ അങ്ങേക്കരയുമായി ബന്ധം മുറിഞ്ഞുപോകുമ്പോൾ... പാതിരാത്തോർച്ചകളിൽ 'പൂഹോാായ്...' എന്ന് കൂക്കി വിളിക്കുമ്പോൾ മറുവിളി കേൾക്കാൻ തോണിക്കാരനില്ലാതെ വരുമ്പോൾ... വിയർത്തൊലിച്ച് പരക്കം പാഞ്ഞെത്തിയിട്ടും പുഴമധ്യം വിട്ട് തോണി അങ്ങേക്കരയോട് അടുക്കുമ്പോൾ... രോഗാതുരനെ കസേരയിലെടുത്ത് അക്കരെയൊന്ന് കടത്തിത്തരണേയെന്ന് പ്രാർഥിക്കുമ്പോൾ... മനസ്സ് വല്ലാതെ മുട്ടിവിളിക്കും: 'പടച്ചോനേ... ഇക്കരയിൽനിന്ന് നീ അക്കരയിലേക്കൊരു പാലം നീട്ടിത്തരണേ' എന്ന്.

കലങ്ങിമറിഞ്ഞ് കൂലംകുത്തി പുഴ പേടിപ്പിച്ചെത്തുമ്പോൾ, വെള്ളച്ചുഴിയിൽ വട്ടം കറങ്ങുന്ന തോണിയുടെ നിസ്സാഹായതയോർത്ത് നിലവിളിക്കുമ്പോൾ, വർഷങ്ങളുടെ അങ്ങേക്കൊമ്പിലൊരു പെരുമഴക്കാലത്ത് പുഴ തോണിയടക്കം വിഴുങ്ങിയ കുറച്ചുപേരെക്കുറിച്ച് പഴമക്കാർ പേടിയോടെ പേർത്തും പേർത്തും പറയുമ്പോൾ ഇടനെഞ്ചിലെ പ്രാർഥന ഉച്ചത്തിലാവും: 'ഇനിയൊരു കലക്കത്തിന് വഴിവെക്കാതെ ഒരു പാലം നേരായി വരണേ...' എന്ന്.

നാടായ നാട്ടിലെ പുഴയായ പുഴക്കെല്ലാം കുറുകെ പാലങ്ങൾ ഉയർന്നിട്ടും ഈ ഓളപ്പരപ്പിന് മീതെ എന്തുകൊണ്ട് ഒരു പാലം ഉയരുന്നില്ല എന്ന് സന്ദേഹിക്കാത്തവർ ഉണ്ടായിരുന്നില്ല. ഓരോ തവണയും 'ദാ, ഇപ്പോൾ വരും പാലം' എന്ന് മോഹിപ്പിക്കുമ്പോൾ ഈ ആയുസ്സറുതിക്ക് മുമ്പ് അതൊന്ന് കാണാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് കൊതിച്ചവർ ആയിരുന്നുവല്ലോ എല്ലാരും.

വീടുകടന്ന് നാടുകടന്ന് കാലദേശങ്ങളിലേക്ക് ജീവനം തേടിപ്പോയവർ മടങ്ങിവന്നപ്പോൾ കണ്ടത് മുഖചരായകൾ അടർന്നുപോയ നാടും വീടുമായിരുന്നു. എന്നിട്ടും മാറാതെനിന്നു, പുഴയും അതിൽ സമയഭേദങ്ങളില്ലാതെ കടവു കടത്തുന്ന തോണിയും. ഇടയിൽ കടത്തുകാരൻ മാത്രം മാറി മാറിവന്നു.

വാക്കുകളുടെ പെരുമഴക്കാലം കടന്ന് പാലത്തിൻെറ കൽത്തൂണുകൾ മണ്ണിലമർന്നുയരാൻ ഇപ്പോൾ നേരമാകുന്നു. ഈ തെയ്യത്തും കടവിനു മീതെ നീണ്ടുനിവർന്നൊരു പാലം. ഇക്കരെ ചേന്ദമംഗല്ലൂർ. അക്കരെ കൊടിയത്തൂർ. അല്ലെങ്കിൽ ഇക്കരെ കൊടിയത്തൂർ. അക്കരെ ചേന്ദമംഗല്ലൂർ. ഇരുകരകൾ താണ്ടാൻ ഇനി വലംവെച്ചു വരണ്ടല്ലോ എന്ന പ്രതീക്ഷ. അക്കരെയോടടുത്ത തോണിയെ നോക്കി അസ്വസ്ഥപ്പെടേണ്ടല്ലോ എന്ന പ്രത്യാശ. സമയത്തിനും കാലത്തിനും അക്കരെയെത്താമല്ലോ എന്ന ആശ.

ചരിത്രത്തിൽ ചില ദേശങ്ങൾക്ക് ഒന്നാകാൻ മതിലുകൾ പൊളിയുന്നതും കാത്തിരിക്കേണ്ടിവന്നിട്ടുണ്ട്. ഇരുവഴിഞ്ഞിയെന്ന പുഴയുടെ ഇരുപുറത്തുമായിരുന്നിട്ടും മനസ്സുകൊണ്ട് പണ്ടേക്ക് പണ്ടേ ഒന്നായിരുന്ന ഈ ദേശങ്ങളുടെ ബന്ധത്തിനും കൂടുതൽ തെളിമയേകും ഈ പാലം... അതിൻെറ തറക്കല്ലിൽ ഒത്തിരിയൊത്തിരി സ്വപ്നങ്ങളുടെ പാലങ്ങൾ ഉയർന്നുവരുന്നുണ്ട്. തീർച്ച. ●

### തെയ്യത്തുംകടവാകെ വേദനയാലെ പുളഞ്ഞു...

വെള്ളരി മലയപ്പുറത്ത് വെൺമലർ കാട്ടിൽ
ഇരുവഴിഞ്ഞിപ്പുഴയതിൻെറ നീരൊഴുക്കതിൽ
കൊടിയത്തൂരിലെ പിഞ്ചുമക്കളെ കദനമുട്ടിച്ച്
പുണ്യറമദാൻ നോമ്പുകാലം കരളലിയിച്ചേ...

കൂലം കുത്തിയൊഴുകിയാറ്റിൽ തോണിമറിഞ്ഞ്
തെയ്യത്തുംകടവാകെ വേദനയാലെ പുളഞ്ഞു
യാ ഇലാഹി ആ ദിനമൊന്ന് അയവിറക്കുമ്പോൾ
നാട്ടുകാരിരുകരയിലായി വീർപ്പുമുട്ടുമ്പോൾ

ദാരുണാമാം ഈ ദുരന്തം നാടുനടുക്കി
മൂന്നുപേരുടെ ജീവനന്ന് തട്ടിയെടുത്തേ...
അംജതും മൊയ്തീനും ഉസ്സനും ഓർമയായി മാറി
കണ്ടുകിട്ടി ജഢങ്ങൾ പിന്നെ തീരദേശത്തിൽ...

*(തെയ്യത്തുംകടവ് ദുരന്തത്തിൻെറ ഓർമയിൽ നാട്ടുകാർ കണ്ണീരൊഴുക്കി പാടിനടന്ന പാട്ടുകളിലൊന്ന്, രചന: കെ.ടി. ശരീഫ് മാസ്റ്റർ)*



മൾട്ടി ബ്രാൻറ് പമ്പ് സെറ്റുകളുടെ
മലയോര മേഖലയിലെ
ഏറ്റവും വലിയ സ്ഥാപനം മുക്കത്ത്

കൈരളി

ബസ്സ്റ്റാൻറിനു മുൻവശം, വി.എം.എച്ച് കോംപ്ലക്സ്, മുക്കം
ഫോൺ: 0495 2295430, 9846 008779

V-GUARD
PUMPS

TEXMO
PUMPS



Crompton Greaves
PUMPS

Lubi
PUMPS







നാട്ടുകാരുടെ ചിരകാല അഭിലാഷമായിരുന്ന
തെയ്യത്തുംകടവ് പാലം
തറക്കല്ലിടൽ
കർമ്മത്തിന് ആശംസകൾ നേരുന്നു.



NASEEM AHAMED KT
Managing Director

KTS
WORLDWIDE
3/345 A4, Sk Arcade, Kannur Road, Nadakkavu, Calicut - 673011, Kerala
Ph: 0495 4040004, Mob : 9446444447, 9645000010
www: ktsww.com
KTS COMMODITY TRADING, KTS HUMAN RESOURCE MANAGEMENT

4th Rly Gate
CALICUT
കോഴിക്കോട്ടെ പ്ലൈവുഡ് കൊട്ടാരം
M.A.PLY
YMCA Cross Road
CALICUT

വിസ്മയ
ഗോൾഡ്
അൽഫ ടവർ
മുക്കം – ഫോൺ: 2299599
മാറ്റുരക്കുന്ന മുക്കത്തിന്
പൊന്നു കൊണ്ടൊരു
തുലാഭാരം